മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പി. എസ്. സി. യുടെ പരീക്ഷാ നടത്തിപ്പിൽ ചില ക്രമക്കേടുകൾ ഉണ്ടായതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ 16-8-2003-ൽ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായുള്ള പരാതി പോലീസിലെ ക്രൈം ബ്രാഞ്ച് വിഭാഗം അന്വേഷിച്ച് വരികയാണ്.

(സി) ടി തസ്തികയുടെ പുനഃപരീക്ഷ 31-1-2004-ൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി, ഇ) മറ്റു ചില ജില്ലകളിൽ പി. എസ്. സി. നടത്തിയ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്കും മറ്റു ചില തസ്തികകളിലേക്കുമുള്ള പരീക്ഷയുടെ ചോദ്യപേപ്പറുകളും ചോർന്നതായുള്ള പത്ര റിപ്പോർട്ടുകളും, പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ശ്രദ്ധയിൽ പരിശോധിച്ച്, പി. എസ്. സി.-യുമായി ആലോചിച്ച് അനുയോജ്യ നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം പരാതികൾക്ക് ഇടനൽകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നതായി പി. എസ്. സി. അറിയിച്ചിട്ടുമുണ്ട്.

ഭരണ നവീകരണ പരിപാടി

*20 [19] ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ബാലൻ:
,, പി. സി. ജോർജ്:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള ഭരണ നവീകരണ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സേവന ക്ഷേമ പ്രവർത്തനങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) നിലവിലുള്ള ഏതൊക്കെ സേവന ക്ഷേമ പ്രവർത്തനങ്ങളാണ് സർക്കാരിതര സംഘടനകൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഭരണ നവീകരണ പരിപാടി നടപ്പിലാക്കുന്നതിന് ഏതൊക്കെ രാജ്യങ്ങളിലെ സാമ്പത്തിക സഹായമാണ് സർക്കാർ സ്വീകരിക്കുന്നത്;

(ഇ) സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഈ രാജ്യങ്ങളുമായി സർക്കാർ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സർക്കാരിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് ഭരണ നവീകരണ പരിപാടി. സർക്കാർ ജീവനക്കാരുടെയും ജനപ്രിതിനിധികളുടെയും സേവനം സജീവവും കാര്യക്ഷമവും ഉത്തരവാദിത്വ പൂർണ്ണവും വ്യാപകവുമായി പൗരന്മാർക്ക് ലഭ്യമാക്കുന്നതിനാണ് ഇത് ഊന്നൽ നൽകുന്നത്. പത്താം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടിരിക്കുന്ന മാനവശേഷി വികസനവും ദാരിദ്യ നിർമ്മാർജ്ജനവും എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ ഈ നവീകരണം ഉപകരിക്കും.

(ബി) ഭരണ നവീകരണ പരിപാടിക്കു കീഴിൽ സാമൂഹ്യ ക്ഷേമ വകുപ്പിനായി അംഗീകരിച്ചിട്ടുള്ള ഉദ്യമത്തിൽ അഗതികൾക്കും ആലംബഹീനർക്കും വേണ്ടി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. നിലവിലുള്ള ആനുകൂല്യങ്ങളിൽ കുറവ് വരുത്താതെ കൂടുതൽ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവരെ കണ്ടെത്തി കൂടുതൽ സഹായങ്ങൾ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) നിലവിലുള്ള സേവന ക്ഷേമ പ്രവർത്തനങ്ങൾ സർക്കാരിതര സംഘടനകൾക്ക് കൈമാറാൻ നിർദ്ദേശമൊന്നും പരിഗണനയിലില്ല.

(ഡി) ഏഷ്യൻ വികസന ബാങ്കിന്റെ വായ്പയും, നെതർലന്റ് സർക്കാരിന്റെ ഗ്രാന്റുമാണ് ഭരണ നവീകരണ പരിപാടിക്കുവേണ്ടി അധിക പദ്ധതി വിഹിതമായി കേന്ദ്ര സർക്കാർ ലഭ്യമാക്കുന്നത്.

(ഇ) ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട കരാറിന്റെ പകർപ്പുകൾ അവ അംഗീകരിച്ചു കഴിഞ്ഞ ഉടൻ എല്ലാ നിയമസഭാ സാമാജികർക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അത് കേരള സർക്കാരിന്റെ ജാലികയിലും (Website) ലഭ്യമാണ്.

ത്രിതല പഞ്ചായത്തുകൾക്കുള്ള അവാർഡുകളുടെ മാനദണ്ഡം

*21 [20] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് മികച്ച പ്രവർത്തനത്തിനായി സർക്കാർ നൽകിവരുന്ന അവാർഡുകൾ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഇത്തരത്തിൽ നൽകുന്ന അവാർഡുകൾ ഏതൊക്കെയെന്നും ഓരോ അവാർഡിനും എത്ര തുകവീതം നൽകുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം അവാർഡ് ലഭിക്കുന്ന പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട് നൽകുന്നതിൽ എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly